ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. പഞ്ചായത്ത് രാജ് ആക്ട് അനുസരിച്ച് ഇതിനകത്ത് കുറച്ച് നടപടിക്രമങ്ങളുടെ പ്രശ്നമുണ്ട്. റവന്യൂ വകുപ്പിന്റെ കീഴിൽ മാത്രം ഉൾപ്പെടുന്ന ഭൂമിയല്ല ഇത്. കടലോരത്തു താമസിക്കുന്നവർക്ക് പട്ടയം കൊടുക്കുന്ന നടപടികൾ ഗവൺമെന്റ് ഇതിനകം എടുത്തുകഴിഞ്ഞു. തിരുവനന്തപുരം ജില്ലയിൽ വളരെയധികം പേർക്ക് ഭൂമി കൊടുത്തു. കാസർകോട് ജില്ലയിൽ 773 കുടുംബങ്ങൾക്കുള്ള നടപടികൾ പൂർത്തിയാക്കി. ഇനി ഗവൺമെന്റിന്റെ ചില തീരുമാനങ്ങൾകൂടി ഉണ്ടായാൽ നമുക്ക് എത്രയും വേഗത്തിൽ ഭൂമി കൊടുക്കുവാൻ കഴിയും. ഇവിടെ ചൂണ്ടിക്കാണിച്ച കാസർഗോഡ് താലൂക്കിലെ മുട്ടത്താട് വില്ലേജിലെ ശ്രീ ബാലകൃഷ്ണ ഷാൻ ബോഗിൽനിന്നും ഏറ്റെടുത്ത മിച്ചഭൂമി നിയമാനുസൃതം ഭൂരഹിതർക്ക് പതിച്ചു കൊടുക്കുവാൻ ആവശ്യമായ നടപടി ഗവൺമെന്റ് എടുത്തിട്ടുണ്ട്. ഏതാണ്ട് 14.28 ഏക്കർ മിച്ചഭൂമി പതിച്ചുകൊടുത്തതിന് 20-8-2010-ൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

പ്രാഥമിക സർവ്വേയിൽ പ്രസ്തുത സ്ഥലത്ത് ഏകദേശം 107 കുടുംബങ്ങൾ താമസിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. ആദ്യത്തെ പരിഗണന ഈ 107 കുടുംബങ്ങൾക്ക് വിതരണം ചെയ്യാനാണ്. ഇതു സംബന്ധിച്ച തീരുമാനം എടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ പങ്കെടുപ്പിച്ചുകൊണ്ട് കാസർഗോഡ് ജില്ലയിൽ വരുന്ന 14-ാം തീയതി ഇവർക്ക് ഭൂമി വിതരണം ചെയ്യാനുള്ള നടപടി ദ്രുതഗതിയിൽ സ്വീകരിച്ചു വരുന്നുണ്ട്. സംസ്ഥാനത്ത് ആദ്യത്തെ ഭൂരഹിതരില്ലാത്ത, എല്ലാ പാവപ്പെട്ടവർക്കും ഭൂമി ലഭ്യമാക്കുന്ന ജില്ലയായി കാസർഗോഡ് ജില്ലയെ പ്രഖ്യാപിക്കണമെന്നാണ് ഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ളത്. അതിന്റെ ഒന്നാം ഘട്ടം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആ പരിപാടിയിൽ വച്ച് പ്രഖ്യാപിക്കും എന്നാണ് തീരുമാനിച്ചിരിക്കുന്നത്.

(8) വന്യമൃഗ സങ്കേതമായി പ്രഖ്യാപിക്കുന്നതുമൂലമുള്ള പ്രശ്നങ്ങൾ

<u>ശ്രീ. കെ. സി. കുഞ്ഞിരാമൻ</u>: സർ, എന്റെ നിയോജക മണ്ഡലത്തിലെ തിരുനെല്ലി പഞ്ചായത്തിൽ ജനവാസ കേന്ദ്രങ്ങൾ ഉൾപ്പെടുന്ന പ്രദേശം വന്യമൃഗ സങ്കേതമായി പ്രഖ്യാപിക്കാനുള്ള വനംവകുപ്പിന്റെ നീക്കം വളരെ ആശങ്കയോടെയാണ് പ്രദേശവാസികൾ നോക്കിക്കാണുന്നത്. നിർദ്ദിഷ്ട വന്യമൃഗസങ്കേതം ഉൾപ്പെടാൻ സാധ്യതയുള്ള പ്രദേശത്ത് 4750 കുടുംബങ്ങളിലായി 19250 ജനങ്ങൾ അധിവസിക്കുന്നുണ്ടെന്നാണ് മനസ്സിലാക്കുന്നത്. ഈ പ്രദേശത്ത് ആദിവാസി കോളനികളും ഉണ്ട്. ദക്ഷിണ കാശി എന്നറിയപ്പെടുന്ന തിരുനെല്ലി ക്ഷേത്രം ഈ പ്രദേശത്താണ്. തൃശ്ചേതി ക്ഷേത്രവും ഈ പ്രദേശത്തുണ്ട്. 1300 ഏക്കർ നെൽവയൽ ഉൾപ്പെടെ കാപ്പി, കുരുമുളക്, കവുങ്ങ്, തെങ്ങ് തുടങ്ങിയ നാണ്യവിളകളും ഇവിടെ വ്യാപകമായി കൃഷി ചെയ്തുവരുന്നുണ്ട്. കർണ്ണാടക സംസ്ഥാനവുമായി ബന്ധപ്പെടുന്ന പ്രധാനപ്പെട്ട രണ്ട് റോഡുകൾ ഈ പ്രദേശത്തുകൂടി കടന്ന് പോകുന്നുണ്ട്. ആയിരക്കണക്കിന് തീർത്ഥാടകരാണ് തിരുനെല്ലി ക്ഷേത്രത്തിൽ ദിവസേന എത്തുന്നത്. ഈ റോഡുകൾക്കും ഭാവിയിൽ തടസ്സങ്ങൾ ഉണ്ടാകാൻ സാധ്യതയുണ്ട്. ഈ സാഹചര്യത്തിൽ പ്രദേശവാസികളായ ജനങ്ങളുടെ ആശങ്കകൾ ദൂരീകരിച്ച് സ്വത്തിന് സംരക്ഷണവും ജീവിത സൗകര്യങ്ങൾ ഉറപ്പുവരുത്തിക്കൊണ്ടും മാത്രമേ ഈ പ്രദേശം വന്യമൃഗ സങ്കേതമാക്കാനുള്ള നടപടിയുമായി മുന്നോട്ട് പോകാവൂ എന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

വനവും വേനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം): സർ, 2010 നവംബർ മാസം 30-ന് കൂടിയ വൈൽഡ്‌ലൈഫ് ബോർഡിന്റെ യോഗം കേരളത്തിൽ പുതിയതായി മൂന്ന് വൈൽഡ്‌ലൈഫ് സാങ്ച്വറീസ് ആരംഭിക്കാൻ ശിപാർശ ചെയ്തിട്ടുണ്ട്. അങ്ങനെ ചെയ്യുമ്പോൾ ജനങ്ങളുടേയും കൃഷിക്കാരുടേയും താൽപ്പര്യങ്ങളെയൊന്നും ബാധിച്ചു കൂടെന്ന് ഇപ്പോൾ തന്നെ നിർദ്ദേശം കൊടുത്തിട്ടുണ്ട്. വൈൽഡ്‌ലൈഫ് സാങ്ച്വറീസ് ആയി പ്രഖ്യാപിക്കാനിടയുള്ള സ്ഥലം മുഴുവൻ വയനാട് വനം ഡിവിഷന്റെ കീഴിലുള്ള ഹിൽഡ് വനം റിസർവ്വിലെ സ്ഥലവും അതുപോലെ വികസന സ്ഥലവുമാണ്. ഈ സ്ഥലങ്ങളിൽ ഒരിടത്തുപോലും ജനവാസമുള്ളതായി റിപ്പോർട്ട് ചെയ്തിട്ടില്ല. അവിടെയുള്ള ഒരു ആദിവാസി കോളനിയിൽ ആറ് കുടുംബങ്ങൾ താമസിക്കുന്നുണ്ട്. പുറത്തുള്ള ആദിവാസി കുടുംബങ്ങളേയും കൃഷിക്കാരേയും ഒന്നും ബാധിക്കാത്ത വിധത്തിലായിരിക്കും ചെയ്യാൻ പോകുന്നത്. ഏറ്റവും അടുത്ത ദിവസം അവിടെ എംഎൽഎ-യുടേയും പഞ്ചായത്തിന്റെയും യോഗം വിളിച്ചുകൂട്ടി ഉണ്ടായേക്കാവുന്ന എല്ലാ ആശങ്കകളും കേട്ട് പരിഹാരം ഉണ്ടാക്കിയിട്ടേ മുൻപോട്ട് പോകാവൂ എന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. വൈൽഡ് ലൈഫ് ബോർഡിന്റെ യോഗത്തിലും ഇത് കൃത്യമായി പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് എം.എൽ.എ. പറഞ്ഞ എല്ലാ വിഷയങ്ങളും പരിഗണിച്ചുകൊണ്ടായിരിക്കും മുന്നോട്ട് പോകുന്നത്. ജനങ്ങൾക്കാർക്കും ആശങ്കയുടെ യാതൊരു കാര്യവും ഇല്ല എന്നുള്ള കാര്യം ഞാൻ സഭയെ അറിയിക്കുന്നു.

(9) ഒരു വീട്ടുനമ്പരിൽ വ്യത്യസ്ത റേഷൻ കാർഡുകൾ

ശ്രീ. പി. എം. എ. സലാം: കോഴിക്കോട് തെക്കേപ്പുറത്ത് പണ്ട് കാലംമുതൽ നൂറും നൂറ്റൻപതും ആളുകൾ ഒരുമിച്ച് താമസിച്ചിരുന്ന വലിയ തറവാട് വീടുകൾ ഉണ്ട്. ഇന്നും ആ തറവാട് വീടുകൾ നിലനിൽക്കുന്നുണ്ട്. സാമ്പത്തികഭദ്രതയുള്ളവരൊക്കെ അവിടെനിന്ന് മാറിപ്പോയിട്ടുണ്ട്. എന്നാലും പഴയ വലിയ തറവാട് വീടുകളിൽ ഒന്നിലേറെ കുടുംബങ്ങളാണ് ഇപ്പോഴും താമസിച്ചുകൊണ്ടിരിക്കുന്നത്. അവരൊക്കെ മാറിപ്പോകാൻ സാമ്പത്തിക നിവൃത്തിയില്ലാത്ത പാവങ്ങളാണ്. പല കുടുംബങ്ങൾ ഒരു വീട്ടിലാണ് താമസിക്കുന്നതെങ്കിലും അവർക്ക് വെവ്വേറെ അടുക്കളയും വിവിധ രീതിയിലുള്ള ജീവിത നിലവാരങ്ങളുമാണ്. ഇക്കാലമത്രയും ഓരോ കുടുംബത്തിനും വെവ്വേറെ റേഷൻ കാർഡുകളുണ്ടായിരുന്നു ഇലക്ട്രിക് കണക്ഷനുണ്ട്. വാട്ടർ മീറ്ററുകളും വേറെയാണ്. എന്നാൽ ഇപ്പോൾ പുതിയ റേഷൻ കാർഡ് അനുവദിക്കുമ്പോൾ ഒരു വീട്ട് നമ്പറിൽ ഒരു കാർഡ് അനുവദിക്കാനേ കഴിയൂ എന്ന് പറഞ്ഞുകൊണ്ട് ഇവരുടെ റേഷൻ കാർഡിനുള്ള അപേക്ഷകൾ തള്ളപ്പെടുകയാണ്. വ്യത്യസ്ത അടുക്കളകളിൽ ഭക്ഷണം പാകം ചെയ്യുന്നവർ ഒരു റേഷൻ കാർഡിൽ റേഷൻ വാങ്ങേണ്ടി വരുന്ന അവസ്ഥ വളരെ ഗുരുതരമായ സ്ഥിതിവിശേഷമാണ് അവിടെ സൃഷ്ടിച്ചിട്ടുള്ളത്. ഈ കുടുംബങ്ങളുടെ പ്രവേശന കവാടം ഒന്നായതുകൊണ്ട് ഒറ്റ വീട്ട് നമ്പരേയുള്ളൂ. ഒരു വീട്ട് നമ്പറിൽ ഒന്നിലധികം കാർഡുകൾ പുതിയ കംപ്യൂട്ടർ സംവിധാനത്തിൽ ഇഷ്യൂ ചെയ്യപ്പെടാൻ സാധിക്കുന്നില്ല എന്നാണ് സിവിൽസപ്ലൈസ് അധികൃതർ പറയുന്നത്. നേരത്തെ ഉണ്ടായിരുന്ന നിതി ഇവിടെ നിഷേധിക്കപ്പെടുകയാണ്. ഓരോ കുടുംബത്തിനും വെവ്വേറെ റേഷൻ കാർഡ് അനുവദിക്കാൻ നടപടി സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly